"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം -ശ്രീ.കെ .റ്റി .രാജൻ സൂപ്രണ്ടിങ് എഞ്ചിനീയർ(റിട്ട) , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.889/2022 മേലുള്ള വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1520/2023/LSGD തീയതി,തിരുവനന്തപുരം, 25-07-2023

പരാമർശം:- 1. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) No.889/2022 മേലുള്ള 08.07.2022 ലെ വിധിന്യായം.

2. ശ്രീ.കെ .റ്റി .രാജൻ , സൂപ്രണ്ടിങ് എഞ്ചിനീയർ (റിട്ട) 03.08.2022 ൽ അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപേക്ഷ .

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് റിട്ടയേർഡ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.കെ.ടി രാജൻ, എക്സി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും, ഇൻക്രിമെന്റ് അനുവദിക്കുന്നതിനും, സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ റഗുലർ പ്രൊമോഷൻ ലഭിക്കുന്നതിനുമായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) No.889/2022 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം(1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, ശ്രീ.കെ.ടി രാജൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ(റിട്ട)-ന്റെ എക്സി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും , ഇൻക്രിമെന്റ് അനുവദിക്കുന്നതിനും,സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലെ റഗുലർ പ്രൊമോഷൻ നൽകുന്നതിനുമുള്ള ഉചിതമായ ഉത്തരവുകൾ രണ്ട് മാസത്തിനകം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.കെ.ടി.രാജൻ 31.05.2017 സർവീസിൽ നിന്ന് വിരമിച്ചെങ്കിലും ടിയാൻ കണ്ണൂർ നഗരസഭയിലെ അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരിക്കെ രജിസ്റ്റർ ചെയ്ത VC 17/2003/KNR എന്ന കേസിലെ പ്രതികൾക്കെതിരെ ബഹു.കോടതി മുൻപാകെ 02/12/2009 തീയതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. ടി കേസിലെ പ്രതികൾ ബഹു. തലശ്ശേരി വിജിലൻസ് കോടതിയിൽ സമർപ്പിച്ച CMP - കളിന്മേൽ ബഹു.കോടതി 30/12/2021 തീയതിയിൽ പ്രതികളെ കേസിൽ നിന്ന് ഒഴിവാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയത് Rev.20/2023 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **റിവിഷൻ ഹർജിയിലെ അന്തിമ ഉത്തരവിനു വിധേയമായി സർക്കാർ ഈ വിഷയം പുനഃപരിശോധിക്കുന്നതാണ് എന്ന വ്യവസ്ഥയോട്** കൂടി ശ്രീ.കെ.ടി രാജൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ(റിട്ട)-ന്റെ എക്സി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 10.07.2011 പൂർവ്വാഹനത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതോടൊപ്പം ടിയാന്റെ തൊട്ടടുത്ത ജൂനിയറിന് റഗുലർ പ്രൊമോഷൻ നൽകിയിട്ടുള്ള 20.02.2014 തീയതി മുതൽ KS&SSR ലെ ചട്ടം 28 (b)(i)(14) പ്രകാരം ശ്രീ.കെ.ടി.രാജന് നൽകിയിരുന്ന താൽകാലിക പ്രമോഷൻ ക്രമവത്കരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) No.889/2022 മേലുള്ള വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ് :

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം.(ആമുഖ കത്ത് മുഖേന )
2. ശ്രീ. രാജൻ കെ.റ്റി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട) (തസ്ഥഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 25-07-2023 17:21:27